കോഴിക്കോട് കോർപറേഷനിൽ എൻ യു എൽ എം സിറ്റി മിഷൻ മാനേജരായി 22 /12 /2017 ൽ ജോയിൻ ചെയ്തു .ഇതുവരെയുള്ള പ്രവർത്തന കാലഘട്ടത്തെ സുപ്രധാന നേട്ടങ്ങൾ ചുവടെ കൊടുക്കുന്നു

## സാമൂഹ്യ സംഘടനവും സ്ഥാപന വികസനവും

നഗരസഭയ്ക്ക് കീഴിൽ ആകെ 3450 അയൽക്കൂട്ടങ്ങൾ നിലവിലുണ്ട്. 2017 /18 സാമ്പത്തിക വർഷത്തിൽ 124 അയൽക്കൂട്ടങ്ങളും 2018 /19 സാമ്പത്തിക വർഷത്തിൽ 262 അയൽക്കൂട്ടങ്ങളും 2019/20 സാമ്പത്തിക വർഷത്തിൽ സെപ്റ്റംബർ മാസം വരെ 57 അയൽക്കൂട്ടങ്ങളും എൻ യു എൽ എമ്മിന് കിഴിൽ രൂപീകരിക്കുകയും നിർജീവമായി കിടന്ന 46 അയൽക്കൂട്ടങ്ങളെ പുനരുജ്ജീവിപ്പിക്കുകയും ചെയ്തു .പ്രവർത്തന കാലയളവിൽ 363 അയൽക്കൂട്ടങ്ങൾക്കായി 3630000 രൂപ റിവോൾവിങ് ഫണ്ട് ആയി വിതരണം ചെയ്തു.

## സ്വയം തൊഴിൽ പദ്ധതി

എൻ യു എൽ എം പദ്ധതിയുടെ ഭാഗമായി നഗരസഭയുടെ കീഴിൽ ഇതുവരെ ആയി 65 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. സ്വയം തൊഴിൽ പദ്ധതിയുടെ ഭാഗമായി നൂതന സംരംഭം എന്ന നിലയിൽ 5 സംരംഭകരെ ഉൾപ്പെടുത്തി ലിറ്റിൽ സ്റ്റാർ ഡേ കെയർ ആരംഭിക്കുകയുണ്ടായി. 5 പേരടങ്ങിയ ഗ്രൂപ്പ് ആണ് സംരംഭകരായി വന്നത് .എൻ യു എൽ എം പദ്ധതിയിൽ ഉൾപ്പെടുത്തി ബാങ്ക് മുഖേന സംരംഭകർക് ലോൺ ലഭ്യമാക്കി.

വാർഡുകളിൽ ചെറിയ രീതിയിൽ കാറ്ററിംഗ് തൊഴിലിൽ ഏർപ്പെട്ടിരുന്ന കുടുംബശ്രീ വനിതകളെ ഉൾപ്പെടുത്തി ഗ്രൂപ്പ് രൂപീകരിക്കുകയും നിരന്തരമായ ഇടപെടലുകളുടെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്തിന്റെ അധീനതയിൽ ജില്ലയുടെ ഹൃദയഭാഗത്തുള്ള ബിൽഡിംഗ് പ്രസ്തുത ഗ്രൂപ്പിന് ലഭ്യമാക്കാൻ സാധിച്ചു. മദർ കിച്ചൻ കം ടേക്ക് എവേ കൌണ്ടർ ആയി ആ ബിഎൽഡിങ്ങിനെ മാറ്റുകയും "രുചിക്കൂട്ട് " എന്ന സംരംഭം നൂതന സംരംഭം എന്ന നിലയിൽ ആരംഭിക്കുകയും ചെയ്തു.ഇപ്പോഴും പ്രസ്തുത സംരംഭം നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു .51 സംരംഭങ്ങൾ പ്രവർത്തന കാലയളവിൽ ആരംഭിക്കുകയും ചെയ്തു ലിങ്കേജ് ലോൺ സബ്സിഡി ആയി 4454656 രൂപ അയൽക്കൂട്ടങ്ങൾക്കായി വിതരണം ചെയ്തു .

## നൈപുണ്യ പരിശീലനവും നിയമനവും

നൈപുണ്യ പരിശീലനവും തൊഴിലുറപ്പാക്കലും പദ്ധതിയുടെ ഭാഗമായി നഗരസഭാ പരിധിയിലെ പരിശീലന കേന്ദ്രങ്ങളിൽ കൃത്യമായ ഇടവേളകളിൽ ആവശ്യമായ മേൽനോട്ടം നടത്തുകയും പരിശീലകർക്ക് മാനദണ്ഡപ്രകാരമുള്ള യോഗ്യത ഉണ്ടെന്ന് ഉറപ്പാക്കുകയും ചെയ്തു.മുൻകാലങ്ങളിലെ പോലെ ഗുണഭോക്താക്കളുടെ കൊഴിഞ്ഞു പോവൽ ഒഴിവാക്കാനായി ആവശ്യമായ കൗൺസിലിങ് നടത്തുകയും ചെയ്തു .നഗരസഭയിൽ ഇതുവരെ ആയി 6254 പേരെ മൊബിലൈസ് ചെയുകയും അതിൽ 1092 പേര് വിവിധ കോഴ്സുകൾക്കായി ചേരുകയും ചെയ്തു .കോഴ്സ് പൂർത്തീകരിച്ചവരിൽ 675 പേർക് ജോലി ലഭ്യമാക്കുകയും ചെയ്തു .

<u>നൂതനശാ സവിശേഷ പദ്ധതി</u>

കോഴിക്കോട് കോർപ്പറേഷന് കീഴിൽ പിങ്ക് ലാഡർ എന്ന പേരിൽ രണ്ടു കൺസ്ട്രക്ഷൻ ടീം രൂപീകരിച്ചു. ഇതുവരെ ആയിപ്രധാന മന്ത്രി ആവാസ് യോജന പ്രകാരം ഗുണഭോതാക്കളായവരിൽ 3 വീടുകളുടെ നിർമാണ പ്രവൃത്തി ഏറ്റെടുക്കുകയും ഇതിൽ 2 വീടുകളുടെ നിർമാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട് . ഒരു വീട്ടിലെ ഒരാൾക്കെങ്കിലും വരുമാനം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ നഗരസഭയുടെ ആവിഷ്കരിച്ച പദ്ധതിയായ വീ ടുഗെതെർ പ്രോഗ്രാമിന്റെ മേൽനോട്ടം എൻ യു എൽ എം വിഭാഗത്തെ കോർപ്പറേഷൻ ചുമതലപ്പെടുത്തുകയും ചെയ്തു .

മിഷൻ 80 ഡെയ്സിന്റെ ഭാഗമായി ആമസോൺ സഹേലിയിലേക്ക് പ്രൊഡക്ടുകൾ അയക്കുകയും കുടുംബശ്രീ ഷെൽഫ് സ്ഥാപിക്കുകയും ഓണാവധി സമയത്ത് കോഴിക്കോട് ബീച്ച് പരിസരത്തു ഭക്ഷ്യമേള നടത്തുകയും ചെയ്തു.